† Gandhi Ghat at Cape.

* 478. [10] Shri K. SATTANATHA KARAYALAR : Will the Minister for Works be pleased to state the progress of work of the Gandhi Ghat at Cape Comorin ?

Minister for Works (Shri K. I. VELAYUDHAN) : The work up to basement level has been completed.

ശ്രീ. പ്രാക്കുളം ഭാസി : ഈ വക്കു തുടർന്നു നടത്തണമെന്നു് ഈ ഗവണ്മെൻറു് ആഗ്രഹിക്കുന്നുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങിനെ ആഗ്രഹിക്കുന്നതിൻെറ ഫലമായി വക്കു് നടന്നുകൊണ്ടിരിക്കയാണു്.

ശ്രീ. പ്രാക്കുളം ഭാസി : എന്നാണു് വക്കു തുടങ്ങിയതു് ?

ശ്രീ. കെ. ഐ. വേലായുധൻ : 8-12-54-ൽ.

ശ്രീ. പ്രാക്കുളം ഭാസി : പിന്നെ ഇത്ര കാലതാമസത്തിനു കാരണം എന്താണു് ?

ശ്രീ. കെ. ഐ. വേലായുധൻ : വലിയ കാലതാമസം ഉണ്ടായിട്ടില്ല.

ശ്രീ. ടി. എസ്. രാമസ്വാമി : ബേസ്മെൻറു് ലവലിനു ശേഷം എന്താണു് അതിൻെറ വക്കു മുടങ്ങിക്കിടന്നതു് ?

ശ്രീ. കെ. ഐ. വേലായുധൻ : അതു പ്രവർത്തിച്ചുകൊണ്ടിരിക്കയാണു്.

Shri P. S. NATARAJA PILLAI : May I know whether the work was suspended for some time ?

ശ്രീ. കെ. ഐ. വേലായുധൻ : അറിയാൻ പാടില്ല.

† Colonisation in Devicolam

* 479 [11] SHRI K. SATTANATHA KARAYALAR : Will the Minister for Local Self Government be pleased to state:

(a) the number of acres which were allotted for colonisation in Devicolam taluk; and

(b) the number of persons to whom land was allotted, the area and amount given to each?

---

† As the member was absent the question was put by Shri Prakkulam Bhasi with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

Minister for Local Self Government (SHRI K. KOCHU-KUTTAN):

(a) 3,711 acres.

(b) For 623 persons 5 acres each and 149 persons 4 acres each were allotted. Rs. 17,480 as cash loan advanced to 225 persons.

ശ്രീ. പി. ആർ. മാധവൻപിള്ള : ഈ ഭൂമിയും ഇപ്പോഴും ആ സ്ഥലത്തു താമസിക്കുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : 772 പേർക്ക് സ്ഥലം കൊടുത്തിട്ടുണ്ട്. അതിൽ 273 പേർ സ്ഥലത്തു് വന്നിട്ടില്ല. സ്ഥലത്തു് വന്നതിൽ 27 പേർ സ്ഥലംവിട്ടു പോയി. ബാക്കി 472 കുടുംബങ്ങൾ താമസിക്കുന്നുണ്ട്.

ശ്രീ. പി. കെ. കുഞ്ഞു് : ഏതു മാസത്തിലാണ് സ്ഥലം അലോട്ടുചെയ്തതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : 1954 ജനുവരി മുതൽ അലോട്ടുചെയ്തു തുടങ്ങി.

ശ്രീ. പി. കെ. കുഞ്ഞു് : ആ പിരിമോഡ് എന്നുവരെ എക്സ്റ്റൻഡ് ചെയ്തു ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞു് : കഴിഞ്ഞ ആറുമാസത്തിനുള്ളിൽ അലോട്ട്മെൻറ് നടന്നിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : നടന്നിട്ടുണ്ട്.

ശ്രീ. പി. കെ. കുഞ്ഞു് : എത്ര പേർക്ക് അലോട്ടുചെയ്തു ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു് കൃത്യമായി പറയാൻ നിവൃത്തിയില്ല. നോട്ടീസുവേണം.

ശ്രീ. ടി. എസ്സ്. രാമസ്വാമി : ഇങ്ങനെ സ്ഥലവും കൊടുത്തു് ആപ്പയും കൊടുത്തിട്ട് അവിടത്തു് ചിലർ വിട്ടുപോകാൻ കാരണം എന്താണു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അധ്വാനിക്കുന്നവർക്ക് മാത്രമേ അവിടെ താമസിക്കാൻ കഴിയുള്ളൂ. അതിനു കഴിവില്ലാത്ത ആളുകളാണ് സ്ഥലം വിട്ടുപോയതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : വിട്ടുപോയവർക്ക് പകരം ആളുകളെ തെരഞ്ഞെടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇല്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : അവരെ തെരഞ്ഞെടുക്കുമ്പോൾ അധ്വാനിക്കുന്ന വർഗ്ഗത്തിലുള്ളവർക്ക് മുൻഗണന കൊടുക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങിനെതന്നെയാണ് ഉദ്ദേശിച്ചിരിക്കുന്നത്.

ശ്രീ. പി. കെ. കുഞ്ഞു : 40000 ഏക്കർ സ്ഥലം കൊടുക്കാൻ തീരുമാനിച്ചതിൽ മുഴുവനിരത്തിഎഴുന്നൂറിൽ ചിലപ്രാനം ഏക്കറേ അലാട്ടുചെയ്തു കൊടുത്തിട്ടുള്ളൂ. 40000 ഏക്കർ സ്ഥലവും അലാട്ടുചെയ്തു കൊടുക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ബാക്കിയുള്ള സ്ഥലവും അലാട്ടു ചെയ്യും അതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞു : അതിനു ഉത്തരവാദിത്വമുള്ള ഒരു ഉദ്യോഗസ്ഥൻ അവിടെ ഉണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ട്. ഇപ്പോൾ സബ്ബ് സ്പെഷ്യലാഫീസറെ ചാർജ്ജേൽപ്പിച്ചിരിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞു : പ്രത്യേക ചുമതലകൾകൊടുത്തു് നിയമിച്ചിരുന്ന ഒരു ഉദ്യോഗസ്ഥനെ മാറ്റിയിട്ട് മറ്റു ജോലിയുള്ള ഒരു ഉദ്യോഗസ്ഥനെ ചാർജ്ജേൽപ്പിക്കുന്നതിനു് പ്രത്യേക കാരണം വല്ലതുമുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പ്രത്യേകകാരണം ഒന്നുമില്ല.

ശ്രീ. പി. കെ. കുഞ്ഞു : കഴിഞ്ഞ അഞ്ചു് മാസമായിട്ടും അവിടെ ഉണ്ടായ ഒഴിവിൽ ഉദ്യോഗസ്ഥനെ നിയമിക്കാതിരുന്നതു ഗവണ്മെൻറിന്റെ അനാസ്ഥയാണെന്നു് പറയുന്നതിൽ തെറ്റുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആ അഭിപ്രായം സ്വീകരിക്കാൻ നിവൃത്തിയില്ല; ഒരുക്കവുമില്ല.

തൊഴിലാളികളുടെ കുഞ്ഞുങ്ങളുടെ ആരോഗ്യസംരക്ഷണം.

* 480. [12] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടങ്ങളിലെ തൊഴിലാളികളുടെ കുഞ്ഞുങ്ങളുടെ ആരോഗ്യസംരക്ഷണത്തിനു വല്ല ഏർപ്പാടും ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ട്.

(ബി) എസ്റ്റേറ്റുകളിൽ സ്ത്രീതൊഴിലാളികൾ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അവരുടെ കുഞ്ഞുങ്ങളെ ശുശ്രൂഷിക്കുന്നതിനു് ശിശുസംരക്ഷണാലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ചില എസ്റ്റേറ്റുകളിൽ ഒന്നിൽ കൂടുതൽ ആലയങ്ങൾ ഉണ്ട്. സുഖമില്ലാത്തതും ആരോഗ്യസംരക്ഷണം അവശ്യംവേണ്ടതുമായ കുട്ടികൾക്കു് ഡാക്ടറന്മാർ പ്രത്യേകം പരിശോധിച്ചു് മരുന്നുകൾ നൽകുകയും എല്ലാ കുഞ്ഞുങ്ങൾക്കും പാൽ സൌജന്യമായി വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. 50 കുട്ടികൾക്കു് ഓരോ സ്ത്രീ വീതം കുട്ടികളെ ശുശ്രൂഷിക്കുന്നതിനു് ഓരോ സംരക്ഷണാലയത്തിലും നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly